**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** | **06-10-2025 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ വായ്പകളിലുള്ള ജപ്തി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ വായ്പകൾക്ക് ജപ്തി നോട്ടീസുകൾ പ്രസിദ്ധീകരിച്ച് സമ്മർദത്തിലാക്കുന്ന രീതി തുടരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | വായ്പ കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ വായ്പകളിന്മേലും നോട്ടീസുകൾ നൽകാറുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തു കുടിശ്ശിക ആകുന്നവർക്ക് പരമാവധി ഇളവുകളോട് കൂടി വായ്പകൾ തീർപ്പാക്കുന്നതിനു സഹകരണ വകുപ്പ് "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം വായ്പ തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ചു തീർക്കാൻ അവസരവും, പരമാവധി സാവകാശവും നൽകുന്നുണ്ട്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്യുക വഴി കർഷകർക്ക് സഹകരണ സംഘം/ സഹകരണ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കുടിശ്ശികയായ വായ്പാക്കാർക്ക് ആശ്വാസമേകുന്നതിനും സാധിക്കുന്നു. |
| (ബി) | കർഷകരുടെ വായ്പകളിൻമേൽ കേരള ബാങ്ക് രൂപീകരണ ശേഷം നാളിതുവരെ സ്വീകരിച്ച ജപ്തി നടപടികളുടെ വിശദാംശം അറിയിക്കാമോ; | (ബി) | കേരള ബാങ്ക് രൂപീകരണത്തിന് ശേഷം കർഷകരുടെ കാർഷിക വായ്പയിന്മേൽ ജപ്തി നടപടികൾ യാതൊന്നും തന്നെ സ്വീകരിച്ചിട്ടില്ലായെന്ന് കേരള ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (സി) | കർഷകരുടെ വായ്പകളിലുള്ള ജപ്തി നടപടികൾ പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കേരള ബാങ്ക് രൂപീകരണത്തിന് ശേഷം കർഷകരുടെ കാർഷിക വായ്പയിന്മേൽ ജപ്തി നടപടികൾ യാതൊന്നും തന്നെ സ്വീകരിച്ചിട്ടില്ലായെന്ന് കേരള ബാങ്ക് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ